35

# സ്നേഹിക്കപ്പെടാത്തവരെ കണ്ടെത്തൽ

## മർക്കൊസ് 5:1-20, ഒരടുത്ത നോട്ടം

പല വർഷങ്ങൾക്കു മുൻപ്, ഒരു ടെലഫോൺ കമ്പനി ഫലപ്രദമായ ഒരു പരസ്യവാചകം ടെലിവിഷനിൽ അവതരിപ്പിച്ചു: "ആരെയെങ്കിലും കണ്ടെത്തി സ്പർശിക്കുക."[1] ടിവി കാഴ്ച്ചക്കാരിൽ നിന്ന് ഒരു ഫോൺ കോൾ ഒരാൾ കാത്തിരിക്കുന്നു, കോൾ വരുമ്പോൾ അയാൾ അതിയായി സന്തോഷിക്കുന്നു എന്ന ആശയമായിരുന്നു അതിലുള്ളത്. എന്റെ ടെലഫോൺ ബില്ലിലെ സംഖ്യയിൽ നിന്ന്, നാം *ധാരാളം* ആളുകളെ "കണ്ടെത്തുകയും സ്പർശിക്കുകയും" ചെയ്യണമെന്ന് എന്റെ വീട്ടിലുള്ളവർ വിശ്വസിക്കുന്നതായി നിങ്ങൾക്ക് പറയുവാൻ കഴിയും.

മറ്റുള്ളവരിലേക്ക് എത്തുക എന്ന ആശയം പുതിയതല്ല. "പുറത്ത് – കണ്ടെത്തിയവരിൽ" ജീവിച്ചിരുന്ന ഏറ്റവും വലിയവനായിരുന്നു യേശുക്രിസ്തു. താൻ എവിടെ പോയോ അവിടെയെല്ലാം അവൻ ആളുകളെ കണ്ടെത്തി – രോഗികൾ, കുരുടർ, മുടന്തർ, ദുഃഖിക്കുന്നവർ, പാപികൾ – അവൻ സ്പർശിച്ചവർ ആരും ഒരിക്കലും പഴയതു പോലെ വീണ്ടും ആയതുമില്ല.[2] സഭയിൽ, നാം യേശുവിന്റെ അനുയായികൾ ആകണം (1 പത്രൊസ് 2:21). അവൻ നമ്മുടെ തലയാണ് (എഫെസ്യർ 1:21, 22), നാം അവന്റെ കൈകളും, അവന്റെ കാലുകളും, അവന്റെ ചുണ്ടുകളും[3] ആകേണ്ടവരാണ്. മഹത്തായ ആജ്ഞ അനുസരിച്ച് (മത്തായി 28:18–20), നമ്മുടെ ജീവിതത്തിൽ ആളുകളെ കണ്ടെത്തി സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ നാം കർത്താവിന്റെ സഭയായി പ്രവർത്തിക്കുന്നതിൽ പരാജയപ്പെടും.

യേശു ഒരാളെ കണ്ടെത്തി സ്പർശിക്കുന്ന സംഭവം മർക്കൊസ് 5 അവതരിപ്പിക്കുന്നു – സ്നേഹമില്ലാത്തവനും സ്നേഹിക്കപ്പെടാത്തവനുമായ ഒരു മനുഷ്യൻ. മത്തായിയുടെ വിവരണത്തിൽ രണ്ട് ഭൂതബാധിതരുടെ സംഭവം പറയുന്നു, എന്നാൽ മർക്കൊസും ലൂക്കൊസും പറയുന്നത് മുഖ്യമായി ഒന്നിനെ മാത്രമാണ്. മർക്കൊസിനെ പോലെ, ആ രണ്ടുപേരിൽ കൂടുതൽ കുപ്രസിദ്ധി ഉള്ളവനിലാണ് ഞാൻ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്. ഈ സംഭവത്തിൽ പ്രാധാന്യമുള്ള പാഠങ്ങൾ നമുക്കുണ്ട്.

### യാഥാർത്ഥ്യം (വാ. 1-5)

**യഥാർത്ഥ പ്രശ്നങ്ങൾ**

നമ്മുടെ വേദഭാഗം തുടങ്ങുന്നു:

> അവർ കടലിന്റെ അക്കരെ, ഗദരദേശത്തു എത്തി. പടകിൽ നിന്നു ഇറ

> ങ്ങിയ ഉടനെ, അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറകളിൽ നിന്നു വന്നു അവനെ എതിരേറ്റു, അവന്റെ പാർപ്പു കല്ലറകളിൽ ആയിരുന്നു. ആർക്കും അവനെ, ചങ്ങലകൊണ്ടുപോലും ബന്ധിച്ചുകൂടാഞ്ഞു; പലപ്പോഴും അവനെ വിലങ്ങും ചങ്ങലയുംകൊണ്ടു ബന്ധിച്ചിട്ടും, അവൻ ചങ്ങല വലിച്ചു പൊട്ടിച്ചും വിലങ്ങു ഉരുമ്മി ഒടിച്ചും കളഞ്ഞു, ആർക്കും അവനെ അടക്കുവാൻ കഴിഞ്ഞില്ല. അവൻ രാവും പകലും, കല്ലറകളിലും മലകളിലും, ഇടവിടാതെ നിലവിളിച്ചും, തന്നെത്താൻ കല്ലുകൊണ്ടു ചതെച്ചും പോന്നു (വാ. 1–5).

ആ രംഗം മനസ്സിൽ വെയ്ക്കുക: നീണ്ട, തിരക്കുള്ള ദിവസത്തിനുശേഷം, അവസാനം വൈകുന്നേരം ആയി (4:35). ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "നാം അക്കരെക്കു പോക" (4:35) – അതായത്, ഗലീലാ കടലിന്റെ അക്കരയ്ക്കു (4:36; 5:1 നോക്കുക). ജനക്കൂട്ടത്തിൽനിന്ന് മാറി നിൽക്കുവാൻ അവൻ ചിലപ്പോൾ അങ്ങനെ പോയിട്ടുണ്ട്. അവർ യാത്ര തുടങ്ങിയപ്പോൾ, യേശു, ക്ഷീണംകൊണ്ട്, ഉറങ്ങിപ്പോയി (4:38). ആ യാത്രയ്ക്കിടയിൽ, വലിയ ഒരു കാറ്റ് അടിക്കുകയും, ക്രിസ്തു അതിനെ ശാന്തമാക്കുകയും ചെയ്തു (4:36–41). നമ്മുടെ സംഭവം തുടങ്ങുമ്പോൾ, കർത്താവും അവന്റെ ശിഷ്യന്മാരും ഏതാണ്ട് അഞ്ചു മൈലോളം യാത്ര ചെയ്ത് – ഗരെസേന്യ ദേശത്ത് എത്തിയിരുന്നു (5:1), അത് കടലിന്റെ കിഴക്കുഭാഗത്തായിരുന്നു.

യേശു വിശ്രമത്തിനാണ് ഈ ചിതറിപ്പാർക്കുന്ന ആളുകളുള്ള സ്ഥലത്തേക്ക് പോയതെങ്കിൽ, അവനു വിശ്രമിക്കുവാൻ കഴിഞ്ഞില്ല. നമ്മുടെ വേദഭാഗം പറയുന്നത് "അവൻ പടകിൽ നിന്ന് ഇറങ്ങിയപ്പോൾ, *ഉടനെ* അശുദ്ധാത്മാവു[4] ബാധിച്ച ഒരു മനുഷ്യൻ കല്ലറകളിൽനിന്ന് വന്ന് അവനെ എതിരേറ്റു" എന്നാണ് (വാ. 2; എംഫസിസ് മൈൻ). ജോ സ്കൂബെർട്ട് എഴുതി:

> ഗലീലാ കടലിലേക്കു എത്തിനിൽക്കുന്ന പാറക്കുന്നുകളാകുന്ന ചുണ്ണാമ്പുകല്ലുകളിൽ ധാരാളം ഗുഹകൾ ഉണ്ടായിരുന്ന ഭാഗത്തുള്ള തടാകകരയിൽ അവർ എത്തി. ആ ഗുഹകളിൽ പലതിലും മരിച്ചവരെ അടക്കിയിരുന്ന ധാരാളം കല്ലറകളും ഉണ്ടായിരുന്നു. നല്ല സമയത്തുപോലും, ഭയാനകമായ സ്ഥലമായിരുന്നു അത്. എന്നാൽ രാത്രിയിൽ,[5] അത് അത്യന്തം രൂക്ഷമാകും. ആ കല്ലറകളിൽ നിന്നാണ് ഒരു ഭൂത–ബാധിത മനുഷ്യൻ വരുന്നത്. ...[6]

ആ മനുഷ്യൻ എന്തുകൊണ്ടാണ് കല്ലറകളിൽ താമസിച്ചിരുന്നത്? കാരണം അവനെ സമൂഹം പുറത്താക്കിയിരുന്നു. ആ പ്രദേശത്തുള്ള ആളുകൾ അവനെ ചങ്ങലകൊണ്ടും വിലങ്ങുകൊണ്ടും ബന്ധിക്കുവാൻ ശ്രമിച്ചിരുന്നു, പക്ഷെ അവയ്ക്കൊന്നും അവനെ ഒതുക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ, അവനെ അവന്റെ വഴിക്ക് വിട്ടുകളയുവാൻ അവർ നിർബന്ധിതരായി.

നിങ്ങളുടെ മനസ്സിൽ വാക്യം 1 മുതൽ 5 വരെയുള്ളതിനെ കുറിച്ചുള്ള ചിത്രം ഉണ്ടോ? യേശു പടകിൽ നിന്ന് ഇറങ്ങിയ നിമിഷം തന്നെ, ഒരു ഭ്രാന്തനായ മനുഷ്യൻ അവ്യക്തതയിൽനിന്ന് പ്രത്യക്ഷമായി. അവൻ അഴുക്കുള്ളവനും നഗ്നനുമായിരുന്നു. സ്വയ–പീഢനത്താൽ ശരീരത്തിൽ അങ്ങിങ്ങായി മുറിപ്പാടുകളും ഉണ്ടായിരുന്നു. അവന്റെ മുടി നീണ്ടിരുന്നു; അവന്റെ കണ്ണു

കൾ ക്രൂര ഭാവമുള്ളതായിരുന്നു. *അങ്ങനെ*യുള്ള ഒരുവനെയാണ് യേശു കണ്ടെത്തുവാൻ പോകുന്നത്. യേശുവിന്റെ കണ്ടെത്തൽ മനോഭാവത്തെ പരീക്ഷിക്കുന്നതായിരുന്നു *അത്.*

**ഊഹിക്കാവുന്ന ഒഴികഴിവുകൾ**

ആ ആവശ്യത്തോടു ക്രിസ്തു എങ്ങനെ പ്രതികരിച്ചിരിക്കും എന്ന് ചിന്തിക്കുക.

(1) അവന് ഇങ്ങനെ പറയാമായിരുന്നു, "ഞാൻ നന്നേ ക്ഷീണിച്ചിരിക്കുന്നു. സമയം വളരെ വൈകിപോയി. എനിക്ക് വിഷമം പിടിച്ച, നീണ്ട ഒരു ദിവസമായിരുന്നു!" അത്തരം ദിവസം യേശുവിന് അനുഭവമുണ്ടായിരുന്നു. എന്താണു ക്ഷീണം എന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്. നാം നമുക്ക് അടുപ്പമുള്ളവരെ[7] "പോലെ ആയിരിപ്പാൻ" ശ്രമിക്കുന്നവരാണ്. ബില്ലുകൾ അടച്ചുതീർക്കുവാനായി മാത്രം ചിലർ നീണ്ട മണിക്കൂറുകൾ ജോലി ചെയ്യുന്നു. പല കുടുംബങ്ങളിലും, അമ്മമാർ വീടിനുപുറത്തുപോയി ജോലി ചെയ്യുന്നു. തൽഫലമായി, ദിവസത്തെ ജോലി കഴിയുമ്പോൾ, നമ്മുടെ സമയവും ഊർജ്ജവും തീരും. മറ്റുള്ളവരെ കണ്ടെത്തുവാൻ അൽപ സമയമേ ലഭിക്കൂ; നമ്മുടെ തിരക്കുള്ളതും, ക്ഷീണിക്കുന്നതുമായ പരിപാടികൾക്ക് യോജിക്കുന്നതല്ല സഭാപ്രവർത്തി.

(2) അവനു പറയാമായിരുന്നു, "ഇത് *എന്റെ* ഉത്തരവാദിത്വത്തിൽ പെടുന്നതല്ല." ആ മനുഷ്യന് ആ പ്രദേശത്ത് കുടുംബം ഉണ്ടായിരുന്നു (മർക്കൊസ് 5:19; നോക്കുക ലൂക്കൊസ് 8:39), അതുകൊണ്ട് അവനു പറയാമായിരുന്നു, "അവൻ *അവരുടെ* ഉത്തരവാദിത്വത്തിൽപ്പെടുന്നവനാണ്. എല്ലാത്തിലുമുപരി, ഞാൻ ഗലീലയിൽ വളരെ കഷ്ടപ്പെട്ടിട്ടാണ് വരുന്നത്, ഞാൻ ഇവിടെ വന്നിരിക്കുന്നത് അൽപം ഇടവേളയ്ക്കുവേണ്ടിയാണ്. അവനെ ആരെങ്കിലും നോക്കിക്കൊള്ളട്ടെ!" വ്യക്തിപരമായ ഉത്തരവാദിത്വ ബോധമാണ്[8] സമൂഹത്തിന്റെ ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്ന്. സഭയുടെ ഏറ്റവും വലിയ ആവശ്യവും വ്യക്തിപരമായ ഉത്തരവാദിത്വബോധമാണ്.[9]

(3) അവനു പറയാമായിരുന്നു, "അത് പരിവർത്തനത്തിനുള്ള നല്ല 'കാഴ്ച്ചപ്പാട്' *അല്ല.*" സുവിശേഷത്തിൽ താൽപര്യമുള്ളവരെ കണ്ടെത്തുവാൻ നാം വീടുകൾ തോറും കയറിയിറങ്ങുന്നുവെന്നു വിചാരിക്കുക. രണ്ടു പേർ റോഡിൽകൂടി പോകുമ്പോൾ, മർക്കൊസ് 5–ൽ പറഞ്ഞിരിക്കുന്ന ഭൂതബാധിതനെ പോലെ ഒരാൾ, ഇരുട്ടിൽനിന്ന് പെട്ടെന്ന് പ്രത്യക്ഷനാകുന്നു എന്നു വിചാരിക്കുക. ആ മനുഷ്യനെ ഉപദേശിക്കുവാൻ "പറ്റിയ ദൃശ്യം" എന്ന രീതിയിൽ അവർ മടങ്ങിവന്ന് ഒരിക്കലും പറയുവാൻ ഇട*യില്ല* എന്ന് ഞാൻ ഉറപ്പിക്കുന്നു! നമ്മിൽ പലരും മിക്കവാറും നമ്മെ പോലെയുള്ള സത്യം പഠിക്കുവാൻ താൽപര്യമുള്ള വ്യക്തികളെയാണ് കണ്ടെത്തുവാൻ ആഗ്രഹിക്കുന്നത്. ആ മനുഷ്യനെ പോലെ പ്രശ്നങ്ങളുള്ള ആരെയെങ്കിലും സമീപിച്ചു പഠനം നടത്തുവാൻ നമ്മിൽ പലരും ആഗ്രഹിക്കു*ന്നില്ല.*

(4) അവനു പറയാമായിരുന്നു, "ഇതിൽ സാഹസം ഉൾപ്പെട്ടിട്ടുണ്ട് എന്നു നിങ്ങൾക്ക് അറിഞ്ഞുകൂടേ? ഞാൻ അവനെ സഹായിക്കുവാൻ തുനിഞ്ഞാൽ, അതിൽ നിന്നും ഒരുപക്ഷെ പ്രയോജനം ഒന്നും കിട്ടുകയില്ല, ആളുകൾക്കു എന്നോടു അപ്രീതി മാത്രമെ അതിൽ നിന്ന് എനിക്കു ജനിപ്പിക്കുവാൻ കഴിയുകയുള്ളു." മറ്റൊരാളെ കണ്ടെത്തുന്നതിനുള്ള ഒരു സാഹസം എന്തെ

ന്നാൽ നിങ്ങൾക്ക് വിമർശനം കേൾക്കേണ്ടിവരും എന്നതാണ്! നമ്മുടെ അയൽക്കാരോടും സ്നേഹിതരോടും നാം ചിലപ്പോൾ സുവിശേഷം പറയാതിരിക്കുന്നതിന്റെ കാരണം, അവരുടെ സൗഹൃദവും സ്നേഹവും നമുക്കു നഷ്ടമാകും എന്നതുകൊണ്ടാണ് എന്നതു വാസ്തവമല്ലേ? നാം കാണുന്നതുപോലെ, ഗരെസേന്യയിലുള്ള ആളുകൾ ക്രിസ്തു ഭൂതബാധിതന്റെ അടുത്തേക്കു പോയി എന്ന വസ്തുതയെ അഭിനന്ദി*ച്ചില്ല*, അവർ അവനോടു അവിടംവിട്ടുപോകുവാൻ അപേക്ഷിച്ചു (മർക്കൊസ് 5:17).

**വാസ്തവത്തിലുള്ള കരുതൽ**

ഞാൻ പറഞ്ഞതുപോലെയുള്ള ഒഴികഴിവുകൾ എല്ലാം യേശുവിന് നിരത്താമായിരുന്നു – എന്നാൽ അവൻ അതു ചെയ്തില്ല. ആ മനുഷ്യനെ എതിർത്ത സ്വാഭാവിക തടസ്സങ്ങൾ തരണം ചെയ്യുവാൻ അവനെ പ്രാപ്തമാക്കിയത് എന്തായിരുന്നു? *ആളുകളോടുള്ള അവന്റെ സ്നേഹം.* ക്രിസ്തു ആളുകളോട്–ബന്ധപ്പെട്ടാണ് കഴിഞ്ഞത്; അവൻ ആളുകളോടു കരുതൽ ഉള്ളവനായിരുന്നു. ഇതാ ഇവിടെ ഒരാൾക്ക് അവനെ ആവശ്യമായി വന്നു. അതെ, ആ മനുഷ്യൻ സ്നേഹിക്കാത്തവനും സ്നേഹിക്കപ്പെടാത്തവനുമായിരുന്നു. അവൻ ഒറ്റപ്പെട്ടവൻ ആയിരുന്നു; അവന്റെ ജീവിതത്തിന് ഒരു നിയന്ത്രണവുമില്ലായിരുന്നു. അവൻ സ്വയം–നശിപ്പിക്കുന്നവനും, ഒരുപക്ഷെ ആത്മഹത്യാപരമായി ചിന്തിക്കുന്നവനുമായിരുന്നു. എന്നിരുന്നാൽ പോലും, ആവശ്യമുള്ള ഒരാളായിരുന്നു അവൻ. അതുകൊണ്ട്, യേശു ക്ഷീണിതനായിരുന്നുവെന്ന വസ്തുതയ്ക്കു പുറമെ, ആ മനുഷ്യൻ ആകർഷിക്കപ്പെടുന്നവൻ അല്ല എന്നതു കണക്കാക്കാതെ, മറ്റുള്ളവർ അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ല എന്നതിനും പുറമെ, ക്രിസ്തു സാഹസമെടുക്കുകയും അവനെ കണ്ടെത്തുകയും ചെയ്തു.

### പ്രതികരണം (വാ. 6-16)

**യേശുവിന്റെ വീര്യം**

നമ്മുടെ വായന തുടരുന്നു: “[ഭൂതബാധിനാ]യവൻ യേശുവിനെ ദൂരത്തുനിന്നു കണ്ടിട്ട്, ഓടിച്ചെന്ന് അവനെ നമസ്കരിച്ചു; അവൻ ഉറക്കെ നിലവിളിച്ചു, പറഞ്ഞു, ‘യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും, തമ്മിൽ എന്തു?’” (വാ. 6, 7). യാക്കൊബ് 2:19 ഊന്നിപറയുന്നു “പിശാചുക്കൾ ... വിശ്വസിക്കുകയും, വിറെക്കുകയും ചെയ്യുന്നു.”

ഈ വാക്കുകൾ ആ മനുഷ്യന്റെ വായിൽ നിന്നാണ് വന്നത്: “ദൈവത്താണ, എന്നെ ദണ്ഡിപ്പിക്കരുതേ!” (വാ. 7). യേശു ആ മനുഷ്യനെ സൗഖ്യമാക്കുവാനാണ് വന്നതു, അല്ലാതെ ദണ്ഡിപ്പിക്കുവാനല്ല എന്നതുകൊണ്ട് ആ പ്രസ്താവന അസാധാരണമാണ് – എന്നാൽ ഭൂതങ്ങൾ ആ മനുഷ്യനിൽകൂടെ സംസാരിക്കുന്നതായിരുന്നു അത്.

മത്തായിയുടെ വിവരണമനുസരിച്ച്, അവർ ചോദിച്ചു, “സമയത്തിന്നു മുൻപെ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ?” (മത്തായി 8:29). പിശാചിനെയും അവന്റെ സൈന്യത്തെയും ന്യായം വിധിച്ച്, അവരുടെ യജമാനനോടൊപ്പം, തീപ്പൊയ്കയിലേക്ക് എന്നേക്കുമുള്ള ദണ്ഡനത്തിന് തള്ളിക്കളയുന്ന സമയം അടുത്തുവരുന്നു (നോക്കുക 2 പത്രൊസ് 2:4; വെളിപ്പാട്

19:20; 20:10). ഭൂതങ്ങൾ എന്തുകൊണ്ട് അവരുടെ വിധിയെ കുറിച്ചു വിചാരപ്പെടുന്നു എന്നു വാക്യം 8 പറയുന്നു: "അവൻ അവനോടു കല്പിച്ചിരുന്നു, 'അശുദ്ധാത്മാവേ, ഈ മനുഷ്യനെ വിട്ടു പുറപ്പെട്ടു പോക!'"

യേശു ചോദിച്ചു, "നിന്റെ പേരെന്തു?" ആ മനുഷ്യൻ മറുപടി പറഞ്ഞു, "എന്റെ പേർ ലെഗ്യോൻ; ഞങ്ങൾ പലർ ആകുന്നു" (വാ. 9). ഏതാണ്ട് ആറായിരം സൈന്യങ്ങൾ ഉള്ള റോമാ റെജിമെന്റാണ് ഒരു ലെഗ്യോൻ. ആ മനുഷ്യനിൽ ആറായിരം ഭൂതങ്ങൾ ഉണ്ടായിരിക്കണമെന്നില്ല, എന്നാൽ ആ വാക്ക് സൂചിപ്പിക്കുന്നത് അവനിൽ അസംഖ്യം ഭൂതങ്ങൾ ഉണ്ടായിരുന്നുവെന്നാണ്. (ഉടനെ, അവ *രണ്ടായിരം* പന്നികളിലേക്ക് പോകുന്നുണ്ട് [വാ. 13].)

ആ മനുഷ്യൻ ഏക വചനമാണ് ആദ്യം ഉപയോഗിച്ചതെന്ന് ശ്രദ്ധിക്കുക: "*എന്റെ* പേർ ലെഗ്യോൻ." പിന്നെ അവൻ ബഹുവചനമാണ് ഉപയോഗിച്ചത്: "*ഞങ്ങൾ* അനേകരാണ്." തന്റെ ശരീരവും മനസ്സും ഭൂതങ്ങളുടെ ശക്തിയാൽ നിയന്ത്രിക്കപ്പെടുന്ന ഒരു മനുഷ്യന്റെ പരിഭ്രാന്തി എനിക്ക് ഊഹിക്കുവാൻ പോലും കഴിയുന്നില്ല. അത് ഒരു മനുഷ്യനെ ഭ്രാന്തനാക്കി[10] മാറ്റും.

ഭൂതങ്ങൾ ക്രിസ്തുവിനോടു "നാട്ടിൽനിന്നു തങ്ങളെ അയച്ചുകളയാതിരിപ്പാൻ" ഏറിയോന്നു അപേക്ഷിച്ചു (വാ. 10). ലൂക്കൊസ് എഴുതിയത് "പാതാളത്തിലേക്കു[11] പോകുവാൻ കൽപിക്കരുത് എന്നു അവ അവനോട് അപേക്ഷിച്ചു" (ലൂക്കൊസ് 8:31) എന്നാണ്. "പാതാളം" ഭൂതങ്ങളുടെ സാധാരണ വാസസ്ഥലമാണ്, എന്നാൽ കർത്താവ് തങ്ങളെ നിർബന്ധിച്ച് ആ സ്ഥലത്തേക്ക് അയക്കുവാൻ അവർ ആഗ്രഹിച്ചില്ല – എങ്ങനെയും, ഇതുവരെയും അയച്ചിട്ടില്ല. അവരുടെ പ്രവർത്തികൾ കുറെ നാൾ കൂടെ തുടരുവാൻ അവർ ആഗ്രഹിച്ചു.

അതു സംഭവിക്കുമ്പോൾ "അവിടെ മലയരികെ ഒരു വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു" (മർക്കൊസ് 5:11). ഭൂതങ്ങൾ ക്രിസ്തുവിനോടു അപേക്ഷിച്ചു, "ആ പന്നികളിൽ കടക്കേണ്ടതിന്നു ഞങ്ങളെ അയക്കേണം" (വാ. 12). ഈ അസാധാരണ അപേക്ഷ അവ നടത്തിയത് എന്തുകൊണ്ട്? ഒരുപക്ഷെ പാതാളത്തിനപ്പുറം ജീവനുള്ളവയിൽ കടന്നുമാത്രമേ അവയ്ക്കു പ്രവർത്തിക്കാൻ കഴിയുകയുള്ളൂ എന്നതുകൊണ്ടാകാം. ചുടു-രക്തമുള്ള ശരീരത്തിനു പുറത്ത് പ്രവർത്തിക്കുവാൻ കഴിവില്ലാത്ത, ചെള്ളിനെ കുറിച്ച് എനിക്കറിയാം. അത്തരം ശരീരത്തിൽ നിന്ന് വിട്ടുപോയാൽ, യോജിച്ച മറ്റൊരു ശരീരം കിട്ടുന്നതുവരെ അവ ഉറങ്ങിക്കിടക്കും. പിന്നെ, അതിഥിയുടെ ശരീരത്തിന്റെ ചൂടുതട്ടിയാൽ ആ ശരീരത്തിലേക്ക് കയറിപ്പറ്റി, ചെള്ളിന്റെ ജോലി ചെയ്യുവാൻ തുടങ്ങും. ഒരു പക്ഷെ ഭൂതങ്ങളും അത്തരം പരിമിതിയുള്ളവയാകാം. എങ്ങനെയായാലും, പന്നികളിലേക്കു അവരെ പ്രവേശിക്കുവാൻ അനുവദിക്കണമെന്ന് അവ അവനോട് അപേക്ഷിച്ചു. "യേശു അനുവാദം കൊടുത്തു. അശുദ്ധാത്മാക്കൾ പുറപ്പെട്ടു, പന്നികളിൽ കടന്നു" (വാ. 13).

ആ ആയിരക്കണക്കിനു ഭൂതങ്ങൾ അവയുടെ പ്രവൃത്തികൾ തുടരുവാനാണ് കർത്താവിനോട് അപേക്ഷിച്ചതെങ്കിൽ, അവ നിരാശയുടെ പടുകുഴിയിൽ വീഴുകയായിരുന്നു; കാരണം അവയുടെ പുതിയ ഇരയായ പന്നികളിൽ അവർ പ്രവേശിച്ച ഉടനെ, അവയ്ക്ക് ഭ്രാന്തുപിടിച്ചു. "പന്നികൾ കടുംതൂക്കത്തോടെ കടലിലേക്കു പാഞ്ഞു, വീർപ്പുമുട്ടി ചത്തു; അവ ഏകദേശം രണ്ടായിരം ആയിരുന്നു" (വാ. 13). എന്തൊരു കാഴ്ച്ച! എന്തൊരു ശബ്ദം! നിങ്ങൾ ഒരു പന്നിവളർത്തൽ കേന്ദ്രത്തിന്റെ സമീപത്തായി താമസിച്ചിട്ടു

ണ്ടെങ്കിൽ, നിങ്ങൾക്കറിയാം പന്നി പുറപ്പെടുവിക്കുന്ന ശബ്ദം എപ്രകാരമായിരിക്കുമെന്ന്. ആ ശബ്ദം നിങ്ങളുടെ ശരീരത്തിലെ രോമകൂപങ്ങൾ എഴുന്നേൽക്കുവാൻ[12] ഇടയാക്കും. രണ്ടായിരം പന്നികൾ പുറപ്പെടുവിക്കുന്ന ശബ്ദവും ... അവ കുന്നിൽ നിന്ന് താഴേക്ക് ഓടി ഇറങ്ങുന്ന കാഴ്ച്ചയും ... വെള്ളത്തിലേക്ക് പായുന്നതും ഊഹിച്ചുനോക്കുക!

ഈ ഭയാനകമായ കാഴ്ച്ച കണ്ടവർക്കിടയിൽ അടുത്തുള്ള പട്ടണത്തിൽ–താമസിക്കുന്നവർക്കുവേണ്ടി[13] പന്നികളെ മേയ്ക്കുന്നവർ ഉണ്ടായിരുന്നു. പെട്ടെന്നു, "പന്നികളെ മേയ്ക്കുന്നവർ ഓടിച്ചെന്നു പട്ടണത്തിലും നാട്ടിലും അറിയിച്ചു" (വാ. 14). കണ്ടവർ "ഭൂതഗ്രസ്തനു സംഭവിച്ചതും, പന്നികളുടെ കാര്യവും അവരോടു അറിയിച്ചു" (വാ. 16).

> സംഭവിച്ചതു കാൺമാൻ പലരും പുറപ്പെട്ടു. യേശുവിന്റെ അടുക്കൽ വന്നു "ലെഗ്യോൻ" ഉണ്ടായിരുന്ന ഭൂതഗ്രസ്തൻ, വസ്ത്രം ധരിച്ചും സുബോധം പൂണ്ടും, ഇരിക്കുന്നതുകണ്ടു ഭയപ്പെട്ടു (വാ. 14, 15).

മുൻപ് അക്രമാസക്തനായിരുന്ന മനുഷ്യൻ ഇപ്പോൾ ശാന്തമായി "ഇരിക്കുന്ന" താണ് അവർ കണ്ടത്. അവൻ പിന്നീട് നഗ്നനായിരുന്നില്ല, "വസ്ത്രം ധരിച്ച" വനായിരുന്നു. അവൻ പിന്നീട് ഭ്രാന്തനായിരുന്നില്ല, എന്നാൽ "സുബോധമുള്ളവനായി" തീർന്നു. സ്നേഹിക്കപ്പെടാത്ത ഒരു മനുഷ്യന്റെ അടുക്കലേക്ക് യേശു എത്തുകയും – അവന്റെ ജീവിതം പൂർണ്ണമായി മാറുകയും ചെയ്തു!

**യേശുവിന്റെ ലക്ഷ്യം**

സ്നേഹിക്കപ്പെടാത്ത വ്യക്തിയുടെ അടുക്കലേക്ക് യേശുവിന് എങ്ങനെ എത്തുവാൻ കഴിഞ്ഞു? അവൻ ആളുകളെ സ്നേഹിച്ചിരുന്നതുകൊണ്ടാണ് അവന് അങ്ങനെ ചെയ്യുവാൻ കഴിഞ്ഞതെന്നു ഞാൻ നേരത്തെ പറഞ്ഞിരുന്നു, എന്നാൽ അതിനോടു ചില ചിന്തകൾ കൂടെ ചേർക്കട്ടെ:

(1) ആളുകളുടെ ആവശ്യങ്ങളിൽ അവൻ ബോധവാനായിരുന്നു. അവൻ എപ്പോഴും സഹായിക്കുവാനുള്ള അവസരം നോക്കിക്കൊണ്ടിരുന്നു. ഭൂതബാധിതൻ അങ്ങനെ ആയിരുന്നില്ല, എന്നാൽ ആവശ്യമുള്ള ഒരു ആത്മാവ് അവനിൽ ഉണ്ടായിരുന്നു, അതുകൊണ്ട് ഇതൊരു അവസരമായിരുന്നു.

(2) എവിടെയാണോ ആവശ്യക്കാരൻ ഉള്ളത് അവിടന്നു തുടങ്ങുവാനായിരുന്നു അവൻ മനസ്സുവെച്ചത്, അല്ലാതെ അവൻ ആകുവാൻ ആഗ്രഹിച്ച സ്ഥലത്ത് ആയിരുന്നില്ല. അവന് ആ ഭൂതബാധിത മനുഷ്യനോടു പറയാമായിരുന്നു, "ഞാൻ ആദ്യം നിന്നെ ശുദ്ധമാക്കി വസ്ത്രം ധരിപ്പിക്കട്ടെ, പിന്നെ നിന്റെ ഭൂതബാധിത പ്രശ്നത്തെ കുറിച്ചു നമുക്കു സംസാരിക്കാം." പകരം, അവൻ ആ മനുഷ്യന്റെ പ്രത്യക്ഷതയെ അവഗണിച്ചു ഭൂതങ്ങളെ പുറത്താക്കി. പിന്നെ, വേദഭാഗം പറയുന്നു, ആ മനുഷ്യൻ വസ്ത്രം ധരിച്ചു. ചിലപ്പോൾ, നാം ആളുകളെ കണ്ടെത്തുമ്പോൾ, ആദ്യം അവരുടെ ജീവിതം മാറ്റുന്നതിന് നാം അവരെ സഹായിക്കേണ്ടതുണ്ട്, പിന്നീട് കർത്താവിന്റെ ഇഷ്ടമെന്തെന്ന് ഗ്രഹിക്കുവാൻ അവരെ സഹായിക്കാം. ആളുകൾ എവിടെയാണോ അവിടെ നിന്നാണ് നാം ആരംഭിക്കേണ്ടത്, അല്ലാതെ അവർ എവിടെ ആയിരിക്കണമെന്ന് നാം ആഗ്രഹിക്കുന്ന സ്ഥലത്തുനിന്നല്ല.

(3) അവന് ആ മനുഷ്യനോടു സംസാരിക്കുവാനും – അവന്റെ പ്രശ്ന ങ്ങൾ കേൾക്കുവാനും മനസ്സുണ്ടായി. ആയിരക്കണക്കിനു ഭൂതങ്ങൾക്കു പോലും അവൻ ചെവി കൊടുത്തു! മനസ്സിലാക്കുവാനുള്ള താൽപര്യമാണ് ചെവി കൊടുക്കുന്നത് തെളിയിക്കുന്നത്. ശ്രദ്ധിക്കുന്നത് മിക്കവാറും നഷ്ട പ്പെട്ട കലയാണ്, എന്നാൽ കേൾക്കുന്നതിനെക്കാൾ, വാസ്തവത്തിൽ ശ്രദ്ധി ക്കുന്നതിനെക്കാൾ യാതൊന്നിനും "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" വെന്ന് പറയുവാൻ സാധിക്കുകയില്ല,

(4) ദൈവശക്തിയിൽ ആശ്രയിപ്പാൻ അവൻ മനസ്സുവെച്ചു. മനുഷ്യ മനശാസ്ത്രത്താൽ ആയിരുന്നില്ല ആ മനുഷ്യന്റെ ജീവിതത്തിൽ മാറ്റം സംഭ വിച്ചത്, എന്നാൽ ദൈവശക്തിയാൽ ആയിരുന്നു. യേശുവിനുണ്ടായിരുന്ന അത്ഭുത ശക്തി നിങ്ങൾക്കും എനിക്കും ഇല്ല, എന്നാൽ ദൈവംആ ശക്തി ഇപ്പോഴും നമ്മളിൽ പകരുന്നു. നമുക്ക് ദൈവത്തിന്റെ വചനത്തിന്റെ ശക്തി യുണ്ട് (റോമർ 1:16) ദൈവശക്തി നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു (എഫെസ്യർ 3:20). നമ്മുടെ പരിമിത ഉറവിടങ്ങൾക്കുപകരം ദൈവ ത്തിൽ ആശ്രയിക്കുവാൻ നമുക്ക് ശീലിക്കാം.

### ഫലങ്ങൾ (വാ. 15-20)

സ്നേഹിക്കപ്പെടാത്തവരെ യേശു കണ്ടെത്തിയതിന്റെ ഫലം എന്തായി രുന്നു?

### ഒരു മനുഷ്യൻ മാറി

ഫലങ്ങളിൽ ചിലത്, നാം കണ്ടുകഴിഞ്ഞു. ഉദാഹരണത്തിന്, ഒരു ജീവിതം മുഴുവനായും തിരിഞ്ഞു. ആ മനുഷ്യൻ യേശുവിനെ കാണുന്നതിനു മുൻപും അതിനുശേഷവുമുള്ള വ്യത്യാസത്തെക്കാൾ വലുത് ഒന്നൂഹിക്കു വാൻ പോലും പ്രയാസമായിരിക്കും.

### സ്പർശിക്കപ്പെടാത്ത മനുഷ്യർ

മുൻപ് പറഞ്ഞതുപോലെ, ആ സംഭവിച്ചതിലൊന്നും ചിലർ സന്തുഷ്ട രായിരുന്നില്ല. സഹ മനുഷ്യന്റെ അവസ്ഥ വീണ്ടെടുത്തതിൽ അവർ ആവേശം കൊള്ളുന്നതിനുപകരം, "അവർ ഭയപ്പെടുകയാണുണ്ടായത്" (വാ. 15). സ്പഷ്ടമായും, കൂടുതൽ പന്നികൾ നഷ്ടപ്പെടുമല്ലോ എന്നതായിരുന്നു അവരുടെ ഭയത്തിനു കാരണം. എല്ലാ സൂചനയും നൽകുന്നത് അവരുടെ ചിന്ത ആളുകളെക്കാൾ പന്നികളെ കുറിച്ചായിരുന്നു എന്നാണ്. ആത്മാക്ക ളെക്കാൾ കൂടുതൽ പ്രാധാന്യം അവർക്കു പന്നികളായിരുന്നു. വിശ്വാസ ത്തെക്കാൾ അവർ മുൻതൂക്കം കൊടുത്തത് പന്നികൾക്കായിരുന്നു.

അപ്പോൾ അവർ "അവനോടു തങ്ങളുടെ അതിർ വിട്ടുപോകുവാൻ അപേക്ഷിച്ചു തുടങ്ങി" (വാ. 17). പിശാചു ബാധിച്ച മറ്റു പൗരന്മാരെയും സുഖപ്പെടുത്തേണമെന്ന് അവർ യേശുവിനോടു അപേക്ഷിച്ചില്ല. മറിച്ച്, യഥാർത്ഥത്തിൽ, അവർ പറഞ്ഞു, "പുറത്തുപോക!"

അവർ ആവശ്യപ്പെട്ടത് യേശു ചെയ്തു. അവർ അതിനെക്കാൾ കൂടു തൽ പരിതാപകരമായ ആവശ്യം ഉന്നയിച്ചിട്ടില്ല, എന്നാൽ ക്രിസ്തു അതി നോടു യോജിച്ചു. തന്നെ ആഗ്രഹമില്ലാത്തിടത്ത് അവൻ ഒരിക്കലും താമസി ച്ചില്ല, ദൈവവഴി അവൻ ഒരിക്കലും ആരിലും അടിച്ചേൽപിച്ചുമില്ല. നമുക്കും

അങ്ങനെ ചെയ്യുവാൻ കഴിയുകയില്ല. നാം വചനം നമുക്കു കഴിയുന്നവിധത്തിൽ പങ്കിടേണ്ടവരാണ്; പിന്നെ, ആളുകൾ, "വിട്ടുപോക!" എന്നു പറഞ്ഞാൽ നാം വിട്ടുപോകണം.

**പഠിപ്പിച്ച ഒരു സ്ഥലം**

അന്തിമഫലം കൂടെ പറയേണ്ടതായിട്ടുണ്ട്: കണ്ടെത്തൽ കണ്ടെത്തുവാൻ ഇടയാക്കുന്നു. ശേഷിച്ച സംഭവത്തെ ശ്രദ്ധിക്കുക:

> അവൻ പടക് ഏറുമ്പോൾ, ഭൂതഗ്രസ്തനായിരുന്നവൻ താനും കൂടെ പോരട്ടെ എന്നു അവനോട് അപേക്ഷിച്ചു. യേശു അവനെ അനുവദിക്കാതെ, "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു കർത്താവു നിനക്കു ചെയ്തതു ഒക്കെയും, നിന്നോടു കരുണ കാണിച്ചതും പ്രസ്താവിക്ക" എന്നു, അവനോടു പറഞ്ഞു. അവൻ പോയി യേശു തനിക്കു ചെയ്തതൊക്കെയും ദെക്കപ്പൊലിനാട്ടിൽ ഘോഷിച്ചുതുടങ്ങി; എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു (വാ. 18–20).

യേശു *നമ്മോടും* പറയുന്നു, "നീ വീട്ടിൽചെന്ന് നിന്റെ ആളുകളോടും – നിന്റെ സ്നേഹിതന്മാരോടും, വീട്ടിലുള്ളവരോടും, അയൽക്കാരോടും – കർത്താവ് നിങ്ങൾക്കു ചെയ്ത വൻകാര്യങ്ങളെ പ്രസ്താവിക്കുകയും, നിങ്ങളോടു അവൻ എങ്ങനെ കരുണ കാണിച്ചു എന്ന് അറിയിക്കുകയും ചെയ്ക." ഏതാനും പേർ എതിർത്തേക്കാം, "എന്നാൽ എനിക്ക് കർത്താവിന്റെ സഭയിൽ അംഗമല്ലാത്ത അടുത്ത സ്നേഹിതന്മാരേ ഇല്ല." എങ്കിൽ ചിലരെ കണ്ടെത്തുക. നിങ്ങളുടെ അയൽപക്കത്തുള്ള ആളുകളെ സ്നേഹിതരാക്കുക. നിങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ഒരു സ്നേഹിതനായി തീരുക. നിങ്ങളുടെ സ്കൂളിൽ ഒരു സ്നേഹിതനാകുക. അപ്പോൾ നിങ്ങൾക്ക് പങ്കിടുവാൻ കഴിയും. രണ്ടുപേർക്കും എവിടെ അപ്പം കിട്ടുമെന്ന് ഒരു യാചകൻ മറ്റൊരു യാചകനോടു പറയുന്നതാണ് സുവിശേഷീകരണമെന്ന് ആരോ പറയുകയുണ്ടായി. നമ്മുടെ വേദഭാഗം പറയുന്നത് എന്തെന്നാൽ സുവിശേഷം എന്നത് കഷ്ടപ്പെടുന്ന ഒരാൾ കഷ്ടപ്പെടുന്ന മറ്റൊരാളോട് എവിടെ ആശ്വാസം കിട്ടുമെന്ന് അറിയിക്കുന്നതാണ്.

**ഉപസംഹാരം**

ചാൾസ് ഹോഡ്ജ് ചിലപ്പോൾ പതിനെട്ട് ഇഞ്ച് നീളമുള്ള ഒരു റൂളറുമായിട്ടായിരിക്കും പ്രസംഗപീഠത്തിലേക്ക് വരുന്നത്. അദ്ദേഹം അത് ഉയർത്തിപ്പിടിച്ച്, അതിന്റെ നീളം കാണിച്ച്, പറയും, "ഈ അകലത്തിൽ വെച്ചാണ് ചില ക്രിസ്ത്യാനികൾ സ്വർഗം നഷ്ടമാക്കുന്നത്." പിന്നെ, അതിന്റെ ഒരറ്റം തലയിലും മറ്റേ അറ്റം നെഞ്ചിലും വെച്ചുകൊണ്ടു, അയാൾ പറയും, "തലയിൽ നിന്ന് ഹൃദയത്തിലേക്കുള്ള ദൂരം ഇത്രയാണ്."[14]

നാം മറ്റുള്ളവരെ കണ്ടെത്തേണ്ടവരാണെന്ന് നമ്മിൽ പലരുടേയും തലയിലുണ്ട് (ബുദ്ധിപരമായി) – സ്നേഹിക്കപ്പെടാത്തവരെ പോലും – കണ്ടെത്തി അവരുമായി സുവിശേഷം പങ്കുവെച്ചു അവരുടെ ആവശ്യങ്ങളിൽ സഹായിക്കേണ്ടതാണ് നമുക്കറിയാം. അതേസമയത്ത്, ആ സന്ദേശം നമ്മുടെ ഹൃദയത്തിൽ ഒരിക്കലും എത്തിയിരിക്കയില്ല. ഒരുപക്ഷെ അവരിൽ സന്ദേശം

എത്തിക്കേണ്ടതിന് ആവശ്യമായ കാര്യങ്ങൾ നാം തുടങ്ങിക്കാണുകയില്ല: നമ്മുടെ ചിട്ടകൾ ക്രമപ്പെടുത്തുകയോ, നമ്മുടെ ഭയത്തെ ഇല്ലാതാക്കി, നാം ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതിനു തടസമായ എന്തിനെയും തരണം ചെയ്യുവാൻ ആവശ്യമായത് ചെയ്തിരിക്കയില്ല. നമ്മിൽ ചിലർ "പതിനെട്ട് ഇഞ്ച്[15] അകലെ വെച്ച് സ്വർഗം നഷ്ടപ്പെടുത്തുവാൻ" സാധ്യതയുള്ളവ രാണ്.

നാം ഇത് അവസാനിപ്പിക്കുമ്പോൾ, ഈ പാഠം ഞാൻ കഴിവതും വ്യക്തി പരമാക്കട്ടെ. യേശു നിങ്ങളുടെ ജീവിതത്തെ സ്പർശിക്കുവാൻ ആഗ്രഹിക്കുന്നു, പക്ഷെ അവൻ ഗരെസേന്യയിലുള്ള ആളുകളെ നിർബ്ബന്ധിച്ചതിനേക്കാൾ കൂടുതൽ നിങ്ങളെ നിർബ്ബന്ധിക്കുകയില്ല. സ്നാനത്തിന് അവൻ നിങ്ങളെ വെള്ളത്തിലേക്ക് തള്ളിയിടുകയില്ല (മർക്കൊസ് 16:15, 16 നോക്കുക). അവൻ നിങ്ങളുടെ കൈ പിടിച്ച് തിരിച്ചുകൊണ്ട് നിങ്ങളുടെ തെറ്റു ഏറ്റു പറഞ്ഞ് നിരപ്പ് പ്രാപിക്കുവാൻ ആവശ്യപ്പെടുകയില്ല (യാക്കൊബ് 5:16). അനുസരണയോടെ അവന്റെ കാൽക്കൽ വീണു, നിങ്ങളുടെ ജീവിതത്തിലേക്ക് വരുവാൻ നിങ്ങൾ അവനോടു ആവശ്യപ്പെടണം. നിങ്ങൾ അവനോട് പ്രതികരിക്കണമെന്നുണ്ടെങ്കിൽ, അത് ഇപ്പോഴായിരിക്കണം.

### പ്രസംഗക്കുറിപ്പുകൾ

വരുവാനിരിക്കുന്ന സുവിശേഷയോഗത്തിനു ഒരു ഇടവകയെ തയ്യാറാക്കുവാൻ ഈ പാഠം പല സന്ദർഭങ്ങളിൽ ഞാൻ ഉപയോഗിച്ചിട്ടുണ്ട്. ഞാൻ അവരോട് പറയും, "നമുക്ക് ഓരോരുത്തർക്കും മറ്റുള്ളവരിലേക്ക് – സ്നേഹിക്കപ്പെടാത്തവരിലേക്കു പോലും ചെന്നെത്തുവാനുള്ള അവസരം നല്കുന്നതാണ് ഈ യോഗം."

നിങ്ങൾക്ക് വേണമെങ്കിൽ പതിനെട്ട് ഇഞ്ച് നീളമുള്ള ഒരു റൂളർ ഉണ്ടാക്കാം – അതായത് മുപ്പത്തി–ആറ് ഇഞ്ച് നീളമുള്ള, ഒരു അളവുകോലിന്റെ പകുതി നീളം. മെട്രിക് അളവുരീതി ഉപയോഗിക്കുന്ന സ്ഥലത്താണ് നിങ്ങൾ താമസിക്കുന്നതെങ്കിൽ, ഒരു മെട്രിക് റൂളറിന്റെ പകുതി (അല്ലെങ്കിൽ ഏതാണ്ട് പകുതി) നിങ്ങൾക്കുപയോഗിക്കാം. തീർച്ചയായും, നിങ്ങൾക്ക് ഏതാണ്ട് പതിനെട്ട് ഇഞ്ചോളം നീളം വരുന്ന ഒരു വടി എടുത്തു പറയാം, "ഏകദേശം പതിനെട്ട് ഇഞ്ച് നീളം വരുന്ന [അല്ലെങ്കിൽ മെട്രിക് അളവിനു തുല്യമായ] വടി ആണിത് – ചിലർ ഈ ദൂരത്തിലാണ് സ്വർഗം നഷ്ടമാക്കുന്നത്."

---

കുറിപ്പുകൾ

[1]പ്രെന്റിസ് മെഡർ, ജൂനിയർ നടത്തിയ ഒരു പ്രസംഗത്തിൽ നിന്നാണ് ഈ അവതരണത്തിനുള്ള ആശയം ലഭിക്കുന്നത്, അതു *സെർമൻസ് ഫോർ ടുഡേ,* വാല്യം. 2–ൽ കാണപ്പെടുന്നു (അബിലീൻ, ടെക്സ്.: ബിബിളിക്കൽ റിസേർച്ച് പ്രെസ്, 1981), 134–41. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നുള്ള ചിന്തകളും ആശയങ്ങളും, "റീച്ച് ഔട്ട്, റീച്ച് ഔട്ട് ആന്റ് ടച്ച് സംവൺ," എന്ന തലപേരിൽ അവതരണത്തിലുടനീളം ചിതറിക്കിടപ്പുണ്ട്. [2]ആഗ്രഹമുണ്ടെങ്കിൽ, അവൻ കണ്ടെത്തിയവരെ കുറിച്ചു പ്രത്യേക ഉദാഹരണങ്ങൾ എടുത്തു പറയാം: അപ്പൊസ്തലന്മാരെ, പത്തു കുഷ്ഠരോഗികളെ, കിണറ്റിനരികെയുള്ള സ്ത്രീയെ, ധനവാനായിരുന്ന യുവപ്രമാണിയെ, സക്കായിയെ, ക്രൂശിലെ കള്ളനെ,

തുടങ്ങി മറ്റുള്ളവരെ. [3]നാം അവന്റെ ശരീരത്തിലെ *അംഗങ്ങളാ*കേണ്ടവരാണ് (ഭാഗങ്ങൾ) (റോമർ 12:5). [4]ഭൂതബാധയെ കുറിച്ച് നിങ്ങൾക്ക് വേണമെങ്കിൽ ഒന്നോ രണ്ടോ വാക്ക് പറയാം: അതു ക്രിസ്തുവിന്റേയും അപ്പൊസ്തലന്മാരുടേയും കാലത്തുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ സംഭവിക്കുന്നില്ല. ഇതിനെകുറിച്ച് *ക്രിസ്തുവിന്റെ ജീവിതം, 2*-ൽ "അധികാരമുള്ളവനെപോലെ" എന്ന പാഠത്തിൽ, വിവരിച്ചിരിക്കുന്നതു നോക്കുക. [5]അപ്പോൾ മുഴുവനും ഇരുട്ടിയിരിക്കയില്ല, അല്ലെങ്കിൽ ആ മനുഷ്യൻ അവരെ "ദൂരത്തുനിന്നു" കണ്ടിരിക്കയില്ല (മർക്കൊസ് 5:6); എന്നാൽ ഏതാണ്ട് സന്ധ്യയായി കാണാം, അല്ലെങ്കിൽ ചന്ദ്രൻ പ്രകാശിച്ചുതുടങ്ങിയിരിക്കും. [6]ജോ സ്കൂബെർട്ട്, "ഓവർകമ്മിങ്ങ് ഫിയർ," *പ്രീച്ചേഴ്സ് പീരിയോഡിക്കൽ* (ഡിസംബർ 1983): 27. [7]മറ്റുള്ളവരുമായി "കീപ്പിങ്ങ് അപ്" എന്നത് "നിങ്ങളുടെ അയൽക്കാരെ പോലെ നല്ല അഭിവൃദ്ധി ഉള്ളതായി കാണിക്കുക" എന്നർത്ഥം നൽകുന്ന ഒരു പ്രയോഗമാണ്. [8]ഒരു പ്രശ്നം നേരിടുമ്പോൾ, സമൂഹത്തിലെ ഒരു പൊതുവായ മനോഭാവം, ആ പ്രശ്നത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനു പകരം, "ഇതു കൈകാര്യം ചെയ്യുവാൻ നമുക്ക് ഗവൺമെന്റിന്റെ മറ്റൊരു പദ്ധതി നോക്കാം," എന്നു പറയുന്നതാണ്. നിങ്ങളുടെ പ്രദേശത്തിനു യോജിച്ച സാമൂഹ്യ രാഷ്ട്രീയ സാഹചര്യമനുസരിച്ച് അതു ഉപയോഗിക്കുക. [9]മെഡർ, 138. ചില സഭകൾ "വാടകക്ക് തോക്ക് എടുക്കുന്ന" മനോഭാവത്താൽ കഷ്ടപ്പെടുന്നുവെന്ന് ബ്രദർ മെഡർ പറഞ്ഞു. അമേരിക്കയിലെ ഓൾഡ് വെസ്റ്റിൽ, ആളുകൾ തങ്ങളുടെ പ്രശ്നപരിഹാരത്തിനായി ചിലപ്പോൾ "തോക്കുകൾ" (അതായത്, തോക്കുള്ള മനുഷ്യരെ) വാടകക്ക് എടുക്കാറുണ്ട്. സഭയുമായുള്ള ബന്ധത്തിൽ, "വാടകക്ക് തോക്ക് എടുക്കുന്ന" മനോഭാവം എന്നു പറയുന്നത് "നമ്മുടെ ജോലി ചെയ്യുവാൻ നമുക്ക് ഒരു ഉപദേഷ്ടാവിനെ വാടകക്ക് എടുക്കാം എന്നതാണ്. അതുകൊണ്ടു ജോലി നടന്നില്ലെങ്കിൽ, നമുക്ക് സഭയിൽ കൂടുതൽ സ്റ്റാഫിനെ നിയോഗിക്കാം (അതായത്, സഭയിൽ കൂടുതൽ ജോലിക്കാർ)." ശമ്പളത്തിനാക്കുന്ന ഒരാൾക്കും മറ്റൊരാളുടെ ജോലി ചെയ്യുവാൻ സാധ്യമല്ല, എന്നു നിങ്ങൾക്കു അറിയാമല്ലോ. നമ്മുടെ ജോലി നാം ഓരോരുത്തരുമാണ് ചെയ്യേണ്ടത്. [10]മർക്കൊസ് 5:15 പറയുന്നത് ഭൂതങ്ങൾ വിട്ടുപോയ *ശേഷം* ആ മനുഷ്യൻ "സുബോധം" ഉള്ളവനായി എന്നാണ്.

[11]കെജെവിയിൽ "ദ ഡീപ്" എന്ന പ്രയോഗമാണ് ഉള്ളത്, എന്നാൽ ഗ്രീക്കിൽ *അബൂസൊൻ* എന്നാണ് (മറ്റൊരു വാക്കിൽ, "പാതാളം"). [12]പന്നികളുടെ നിലവിളി സിനിമാ നിർമ്മാതാക്കൾ അവരുടെ ഭയാനകമായ സൃഷ്ടികളിൽ ഭയാനകമായ ശബ്ദം നൽകുവാൻ ഉപയോഗിക്കാറുണ്ട്. [13]അമേരിക്കയിൽ, പൊതുവെ പന്നികളെ കൂട്ടിലിട്ടാണ് തീറ്റ കൊടുക്കുന്നത്. വേലികളില്ലാത്ത ആ ദേശത്ത്, പന്നികളെ പശുക്കളെയും ആടുകളെയും പോലെ, തുറസായ സ്ഥലങ്ങളിലായിരിക്കും മേയ്ക്കുന്നത്. [14]ബൈബിളിൽ പറഞ്ഞിട്ടുള്ള "ഹൃദയം" നെഞ്ചിലുള്ളതല്ല – എങ്കിലും ചിത്രീകരണം ഇപ്പോഴും ശക്തമായ പോയിന്റ് നൽകുന്നതാണ്. [15]ഈ സമയത്ത്, മറ്റുള്ളവരെ "കണ്ടെത്തുവാൻ" ഉള്ള അവസരം ഒരുക്കുന്നൊരു സമയവും സ്ഥലവും ഒരു സാഹചര്യവും അവർക്കു നൽകികൊണ്ട്, ഞാൻ ഇടവകക്ക് സാധാരണ ഒരു വെല്ലുവിളി നല്കാറുണ്ട്.